**ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന**

**2014 ജൂൺ 9-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 50/2014/എസ്.ജെ.ഡി. (എസ്.ആർ.ഒ. നമ്പർ 378/2014) മുഖേന പുറപ്പെടുവിച്ച 2014-ലെ ദി കേരള ജൂവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) റൂൾസിന് ശ്രീ. എം. ഉമ്മർ നൽകിയ ഭേദഗതികളുടെ പരിഗണന**

Shri M. Ummer: I move the following amendments:

I. In rule 16(4) for the words " The Government" the words " The Government " shall be substituted.

II. In rule 25 (5) before the word " notice" , the word " advance" shall be inserted.

IV. In rule 30(1) the words " The Chairperson or a member nominated by committee to chair the meeting in the absence of the Chairperson, shall convene the meetings of the Committee and maintain the records." shall be deleted.

V. In rule 41(d)(ii) for the word " Birth" , the word " Age" shall be substituted

VI. In rule 41(d) (vii) after the words " Medical Certificate" , the words " from a Registered Medical Practitioner" shall be added.

VII . In rule 50 after the word " mobile" , the word " phone " shall be added.

VIII. In rule 52 (1) for the words " various Governments, Non-Government," , the words " various Government and Non-Government agencies" shall be substituted.

IX. In rule 56(3) after the words " An yellow token" , the words " signed by the Superintendent" shall be added.

X. In rule 60(1) after the word " age" , the symbol and word, " . qualification" shall be added.

XI. In rule 66(1) (g) for the words " six months" , the words " one year" shall be substituted.

XII. In rule 68(3) after the words " Assistant Engineer (Electrical)-Member" , the words " Health Inspector-Member " shall be added.

XIII. In rule 79(1) for the words " date and time" , the words " date, time and purpose" shall be substituted.

XIV. In rule 82(8) after Serial Number 13, the following shall be added

as Serial Number 14, namely:-

" 14 Health Inspector 1"

and the rest shall be renumbered and the total number of posts shall be renumbered to " 41" .

XV. In rule 83(2)(a) after the words " voter card" , the words " or adhar card" shall be added.

XVI. In rule 84(5)(a) for the words " Indian Trusts Act" the words " Indian Trusts Act" shall be substituted.

XVII. In rule 89(2) after the word " negative" , the symbol and the words " /digital memory card" shall be inserted.

ഇതിൽ വളരെ ചെറിയ സ്പെല്ലിംഗ് മിസ്റ്റേക്കുകളും അല്ലാത്ത ഭേദഗതികളും ഉണ്ട്. ഈ ആക്ടുമായി ബന്ധപ്പെടുമ്പോൾ അതിന്റെ സ്പിരിറ്റിനു വിരുദ്ധമായതുകൊണ്ടാണ് ഞാൻ ഈ ഭേദഗതികൾ അവതരിപ്പിക്കുന്നത്.

Rule 16(4) - The Governments shall develop and make available simplified and child friendly versions of the Act and the Rules in Malayalam. ഇത് കേരള ഗവൺമെന്റിനെമാത്രം ഉദ്ദേശിച്ചുള്ളതായതിനാൽ

Governments എന്നുപറയാൻ പാടില്ല. Singular-ആയിട്ടുമാത്രമെ ഉപയോഗിക്കാൻ പാടുള്ളൂ. അതുകൊണ്ട് Government എന്ന് മതിയാകും.

Rule 25 (5) - The Chairperson and members may resign at nay time by giving one month's notice in writing or may be removed from office as provided in sub-section (4) of section 29 of the Act.

One month's notice എന്നുള്ളത് one month's advance notice എന്നാക്കണം.

Rule 29 (P) - ഞാൻ മൂവ് ചെയ്യുന്നില്ല.

Rule 30 - ഇത് വളരെ പ്രധാനപ്പെട്ടതായി തോന്നുന്നു. *Procedure in relation to Committee* എന്നുള്ളതിൽ, The Chairperson or a member nominated by committee to chair the meeting in the absence of the Chairperson, shall convene the meetings of the Committee and maintain the records എന്നുപറയുന്നുണ്ട്. എന്നാൽ അതിൽത്തന്നെ Sub Rule (2)-ൽ In the absence of the Chairperson on the date fixed for the sitting of the Committee, the members present shall elect a Chairperson from among themselves for conducting the business of the Committee for the day. ഇത്

രണ്ടും ഒന്നാണ്. അതുകൊണ്ട് ആദ്യം പറഞ്ഞ പാരഗ്രാഫ് ഡിലീറ്റ് ചെയ്ത് Sub Rule (2) മാത്രം നിലനിർത്തിയാൽ മതിയാകും എന്നുള്ളതാണ് എന്റെ ഭേദഗതി.

അതുപോലെ ദത്തെടുക്കലിനെ സംബന്ധിച്ച് Birth certificate of the prospective adoptive parent(s) എന്നുപറയുന്നുണ്ട്. 45, 50 വയസ്സായ ആളുകളായിരിക്കും സ്വാഭാവികമായിട്ട് adopt ചെയ്യാൻ വരുന്നത്. Birth certificate compulsory ആക്കിയിട്ട് 40 വർഷമായിട്ടില്ല. അതുകൊണ്ടുതന്നെ 40 അല്ലെങ്കിൽ 45 വയസ്സായ ആളിന് birth certificate നിർബന്ധമായി കൊണ്ടുവരണമെന്നുപറഞ്ഞാൽ parents-ന് ദത്തെടുക്കൽ പൂർത്തിയാക്കാൻ കഴിയില്ല. അതുകൊണ്ട് ഇപ്പോൾ നിലവിൽ birth certificate എന്നുള്ളതിനുപകരം age certificate ആണെങ്കിൽ, ഒരു ഡോക്ടറുടെ സർട്ടിഫിക്കറ്റ് മതിയാകുകയാണെങ്കിൽ ആ purpose serve ചെയ്യുകയും ദത്തെടുക്കൽ സാധ്യമായിത്തീരുകയും ചെയ്യും. അതുകൊണ്ട് 40 വയസ്സിനുമുകളിലുള്ള ആളുകൾക്ക് birth certificate സംഘടിപ്പിക്കാൻ പ്രായാസമുള്ളതുകൊണ്ട്, സ്കൂൾ സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്ത ആളുകൾക്ക് പ്രയാസമുണ്ടാകുമെന്നതിനാൽ birth certificate എന്നതിനുപകരം age certificate എന്നുചേർക്കണമെന്നതാണ്.

Rule 41 (d)(vii) ൽ Medical Certificate showing both husband and wife

or single parent is mentally and physically fit; അതിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നേ പറയുന്നുള്ളൂ. മെഡിക്കൽ സർട്ടിഫിക്കറ്റ് ആർക്കും കൊടുക്കാം. അവിടെ from a Registered Medical Practitioner എന്നുചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

അതുപോലെ Rule 50 - driving, agriculture, mobile repairing എന്നുപറയുന്നുണ്ട്. Mobile repairing എന്നുപറയുന്നത് ശരിയല്ല. Mobile phone repairing എന്നായിരിക്കും ഉദ്ദേശിക്കുന്നത്. Mobile എന്നുപറയുമ്പോൾ പല സംഗതികളുണ്ട്. അതുകൊണ്ട് mobile phone repairing എന്ന് വ്യക്തത വരുത്തണം.

Rule 52 - various Governments, non-Government, and other community agencies എന്നുള്ളത് various Government and non-Government agencies എന്നുള്ളതാണ് എന്റെ ഭേദഗതി.

Rule 56 (3) An yellow token be given to the juvenile or child for his every good activities in a week എന്നുപറയുന്നുണ്ട്. അതിൽ yellow token മാത്രം സൂപ്രണ്ട് സർട്ടിഫൈ ചെയ്താൽ മതിയെന്നാണ് പറയുന്നത്. Any yellow token signed by the Superintendent എന്നുവരണം. ഇവിടെ both yellow and orange,

രണ്ടിന്റെയും ടോക്കണുകളിൽ സൂപ്രണ്ട് ഒപ്പ് വയ്ക്കണമെന്നുള്ളതാണ്.

അതുപോലെ Rule 60 - Every institution shall provide education to all juveniles or children according to the age and ability എന്നുള്ളത് age, qualification and ability – qualification അനുസരിച്ചുള്ള കുട്ടികൾക്ക് അതാതു ക്ലാസുകൾ കൊടുക്കുന്നതിന് age- ഉം ability-യും മാത്രം നോക്കിയാൽപോരാ qualification കൂടി അനുസരിച്ചുള്ള അഡ്മിഷൻ കൊടുക്കണമെന്നുള്ളതാണ്.

Rule 61 (g) if no claimant appears within a period of six months from the date of death or escape of such juvenile, the valuables and other articles and amount shall be disposed of as per the decision taken by Management Committee set up under rule 68 of these rules. കുട്ടി disappear ചെയ്ത് 6 മാസത്തിനുള്ളിൽ valuables ഡിസ്പോസ് ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നത്. ആറുമാസമെന്നത് ഒരുവർഷമെങ്കിലും ആക്കണം. ഒരു reasonable time എന്നുള്ള നിലയിൽ miss ആയ കുട്ടികളുടെ valuables സൂക്ഷിക്കുന്ന കാലയളവ് ആറുമാസം എന്നുള്ളത് one year ആയി ഭേദഗതി ചെയ്യണമെന്നുള്ളതാണ്.

അതേപോലെതന്നെ rule 68(3) ൽ after the words " Assistant Engineer (Electrical)- Member" , the words " Health Inspector-Member " shall

be added. ഈ സ്ഥാപനത്തിന്റെ ശുചിത്വം ഉറപ്പാക്കുന്നതിന് മാനേജിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ട കുറെ ആളുകളുടെ പേര് പറഞ്ഞിട്ടുണ്ട്. ശുചിത്വം സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ആ കമ്മിറ്റിയിൽ ഹെൽത്ത് ഇൻസ്പെക്ടറെക്കൂടി ഉൾപ്പെടുത്തണം.

Rule 79 - ൽ A Visitor's Book shall be maintained, in every institution, in which the person visiting the home shall record the date and time of visit എന്നതിൽ date, time and purpose of visit എന്നുകൂടി ചേർക്കണം.

Rule 82 - ഹെൽത്ത് ഇൻസ്പെക്ടറെക്കൂടി ഈ കമ്മിറ്റിയിൽ ചേർക്കണമെന്നുള്ളതാണ്. അങ്ങനെ ചേർക്കുമ്പോൾ കമ്മിറ്റി അംഗങ്ങളുടെ എണ്ണം 40 എന്നുള്ളത് 41 എന്നാക്കിമാറ്റണം. 100 കുട്ടികളുള്ള ഒരു സ്ഥാപനമാകുമ്പോൾ സ്വാഭാവികമായും ഒരു ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം ആവശ്യമാണ്. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കണം.

Rule 83 (2) - proof of identity - ൽ പറഞ്ഞിരിക്കുന്നത് voter card or pan card or passport or driving license എന്നാണ്. ഇപ്പോൾ ആധാർ കാർഡ് നിർബന്ധമാക്കിയ സാഹചര്യത്തിൽ ആധാർ കാർഡുകൂടി ഉൾപ്പെടുത്തണം.

Rule 84 (5) Trust Act എന്നുള്ളതാണ്. Indian Trusts Act ആണ്.

അതുകൊണ്ട് 's' കൂടി ചേർത്ത് Trusts Act എന്നുമാറ്റണം.

Rule 89 (2) One photograph shall be kept in the case file of the Juvenile child, one shall be fixed with the index card, a copy shall be kept in an album serially numbered with the negative in another album, ഇപ്പോൾ ഫോട്ടോകളുടെ നെഗറ്റീവ് ലഭ്യമാകാത്ത കാലമാണ്. പല സ്റ്റുഡിയോകളിലും നെഗറ്റീവ് കിട്ടുന്നില്ല. അതുകൊണ്ട് നെഗറ്റീവ് എന്നുള്ളതിന് digital memory card എന്നുകൂടി ചേർക്കണം. ഇത്രയും ഭേദഗതികളാണുള്ളത്.

<u>ശ്രീ. മാത്യൂ റ്റി. തോമസ്</u>: സർ, ബഹുമാനപ്പെട്ട എം. ഉമ്മർ പ്രസക്തമായ ചില നിർദ്ദേശങ്ങൾ ഈ ആക്റ്റ് പഠിച്ചതിനുശേഷം സമർപ്പിച്ചിട്ടുണ്ട്. അക്കാര്യത്തിൽ അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. അടിസ്ഥാനപരമായ ചില പ്രശ്നങ്ങൾ ഇതിനകത്തുണ്ട്. ഈ ചട്ടം 3(1)-ൽ 'The following principles shall, inter-alia, be fundamental to the application, interpretation and implementation of the Act and the rules made hereunder:' എന്നാണ് പറയുന്നത്. നിയമത്തിന്റെ തന്നെ ഇന്റർപ്രെട്ടേഷനും ഇംപ്ലിമെന്റേഷനും ഇതായിരിക്കും തത്വമെന്ന് പറഞ്ഞ് റൂളിൽ ചേർക്കുക. സഭ പാസ്സാക്കിയ ഒരു നിയമം എങ്ങനെ വ്യാഖ്യാനിക്കണമെന്ന് ചട്ടത്തിൽ എക്സിക്യൂട്ടീവ് ചേർക്കുന്നത് ഭരണഘടനാവിരുദ്ധമാണ്. അത്

ഡെലിഗേറ്റഡ് ലെജിസ്ലേഷന് കൊടുത്തിരിക്കുന്ന അധികാരം എക്സീഡ് ചെയ്തിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു നോട്ടീസ് നൽകിയിട്ടില്ല എന്നുള്ളത് ഞാൻ സമ്മതിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതിനെ മന്ത്രി അംഗീകരിച്ചുവെന്നുള്ളത് ശരിതന്നെയാണ്. അടിസ്ഥാനപരമായ പ്രശ്നം, ഒരു പേരന്റ് ആക്ടിനെ എങ്ങനെ വ്യാഖ്യാനിക്കണമെന്നുള്ളതിന്റെ തത്വം റൂളിൽ എഴുതി ചേർക്കുന്നത് ഭരണഘടനാ വിരുദ്ധമാണ്, നിയമവിരുദ്ധമാണ് അതിനുള്ള അധികാരം എക്സിക്യൂട്ടീവിനില്ല. അക്കാര്യത്തിൽ ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ശ്രീ. എം. ഉമ്മർ തന്നിട്ടുള്ള ഭേദഗതികളിൽ ചട്ടം 16(4)-ലെ ഭേദഗതി നിർദ്ദേശം അംഗീകരിക്കുന്നതാണ്. ചട്ടം 25(5)-ലെ അംഗീകരിക്കുന്നില്ല കാരണം 'one months notice' എന്നുപറയുന്നത് തന്നെയാണ് 'advance notice'. ചട്ടം 29(p)-ലെ ഭേദഗതി നിർദ്ദേശം സ്വീകരിക്കുന്നില്ല കാരണം 'HIV' പലതരത്തിൽ പകരുന്നതിനാൽ 'infected and affected' എന്നുപറയുന്ന രണ്ടുവാക്കുകളും ആവശ്യമാണ്. ചട്ടം 30(1)-ലെ ഭേദഗതി നിർദ്ദേശം അംഗീകരിക്കാവുന്നതാണ്. ചട്ടം 41(d)(ii)-ലെ നിർദ്ദേശം അംഗീകരിക്കേണ്ടതില്ല. കാരണം age certificate

എന്നൊരു  സർട്ടിഫിക്കറ്റ് ഇപ്പോൾ നിലവിലില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിൽ ഒരു കഴമ്പുണ്ട്. ഇപ്പോൾ 'age certificate' നിലവില്ലാത്തതുകൊണ്ട് അതിനൊരു ഡെഫനിഷൻ വരേണ്ടതുണ്ട്. ഇതുസംബന്ധിച്ച് എന്തുചെയ്യണമെന്നുള്ളത് ഭാവിയിൽ ആലോചിക്കാം. ചട്ടം 41(d)(vii)-ലെ ഭേദഗതി നിർദ്ദേശം അംഗീകരിക്കുന്നു. ചട്ടം 50-ലെ ഭേദഗതി നിർദ്ദേശം അംഗീകരിക്കുന്നു. ചട്ടം 52(1)-ലെ ഭേദഗതി നിർദ്ദേശം ചെറിയൊരു ഭേദഗതിയോടുകൂടി അംഗീകരിക്കാം. 'various Government and Non-Governmental agencies' എന്നുപറയുന്ന ഭേദഗതിയോടുകൂടി അംഗീകരിക്കാവുന്നതാണ്. ചട്ടം 56(3)-ലെ ഭേദഗതി നിർദ്ദേശം അംഗീകരിക്കുന്നു. ചട്ടം 60(1)-ലെ ഭേദഗതി നിർദ്ദേശം സ്വീകരിക്കേണ്ടതില്ല. കാരണം ഇതിന്റെ കൂടെ ക്വാളിഫിക്കേഷൻ കൂടി പറയണമെന്നാണ് പറഞ്ഞിരിക്കുന്നത്. പക്ഷേ 18 വയസ്സിനുതാഴെയുള്ള കുട്ടികളായതുകൊണ്ട് പ്രത്യേകമായൊരു ക്വാളിഫിക്കേഷൻ അപ്രായോഗികമാണ് എന്നുള്ളതാണ് എന്റെ അഭിപ്രായം. ചട്ടം 66(1)(g)-ലെ ഭേദഗതി നിർദ്ദേശം അംഗീകരിക്കുന്നു. ചട്ടം 68(3)-ലെ ഭേദഗതി നിർദ്ദേശം അംഗീകരിക്കുന്നു. ചട്ടം 79(1)-ലെ ഭേദഗതി നിർദ്ദേശം  അംഗീകരിക്കുന്നു. ചട്ടം 82(8)-ലെ ഭേദഗതി നിർദ്ദേശം അംഗീകരിക്കുന്നു. ചട്ടം 83(2)(a)-ലെ ഭേദഗതി നിർദ്ദേശം

അംഗീകരിക്കുന്നു. ചട്ടം 84(5)(a)-ലെ ഭേദഗതി നിർദ്ദേശം അംഗീകരിക്കുന്നു. ചട്ടം 89(2) ഭേദഗതി നിർദ്ദേശം അംഗീകരിക്കുന്നു.

കാലഘട്ടത്തിനനുസൃതമായിട്ടുള്ള മാറ്റങ്ങൾ ചട്ടങ്ങളിൽ വരേണ്ടതുണ്ട്. റൂൾസിൽ അത് വരുത്തുന്നതിലൂടെ സമൂഹത്തിൽ ഇന്ന് നിൽക്കുന്ന പല പ്രതിസന്ധിക്കും പരിഹാരം കാണുകകൂടിയാണ് ചെയ്യുന്നത്. അത് സൂക്ഷ്മമായി പരിശോധിച്ച് മുന്നോട്ടുകൊണ്ടുവന്നതിന് ഞാൻ അംഗത്തെ ആത്മാർത്ഥമായി അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുന്നു.

ശ്രീ. മാത്യൂ റ്റി. തോമസ് പറഞ്ഞ നിർദ്ദേശത്തെ ഞാൻ അതിന്റെ ഗൗരവത്തിൽ ഉൾക്കൊള്ളുന്നു. ഇതുസംബന്ധിച്ച് സ്പീക്കർ നൽകുന്ന നിർദ്ദേശം മുഖവിലയ്ക്കെടുത്തുകൊണ്ട് മുന്നോട്ടുപോകുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മാത്യൂ റ്റി. തോമസ് ഇവിടെ ഉന്നയിച്ച പ്രശ്നം പരിഗണിക്കുന്നതിന് സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിക്ക് അധികാരമുണ്ട്. പ്രസ്തുത സമിതി ശ്രീ. മാത്യൂ റ്റി. തോമസ് ചൂണ്ടിക്കാണിച്ച കാര്യംകൂടി പരിഗണിക്കണമെന്ന് ചെയർ നിർദ്ദേശിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 25(5), 41(d)(ii), 60(1) എന്നീ ചട്ടങ്ങളിലെ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 16(4), 30(1), 41(d)(vii), 50, 52(1), 56(3), 66(1)(g), 68(3), 79(1), 82(8), 83(2)(a), 89(2) എന്നീ ചട്ടങ്ങളിലെ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 25(5), 41(d)(ii), 60(1) എന്നീ ചട്ടങ്ങളിലെ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u>: ലെജിസ്ലേഷന്റെ ഇന്റൻഷനെ അനുസരിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കുന്നത് എന്നുള്ള പരിശോധനയും കൂടി നടത്തണം. സബ്ജക്ട് കമ്മിറ്റി കൂടി പിരിയുകയാണ് ഇപ്പോൾ ചെയ്യുന്നത്, ഇങ്ങനെയുള്ള കാര്യങ്ങൾ ഗൗരവമായി കാണുന്നില്ല. അതാണ് പ്രശ്നം.

<u>മി. സ്പീക്കർ</u>: ഇക്കാര്യം സബ്ജക്ട് കമ്മിറ്റിയും പരിഗണിക്കണം.